# ‘സത്യവചനം’

## സങ്കീർത്തനം 33:04-05

‘‘യഹോവയുടെ വചനം നേരുള്ളതു; അവന്റെ സകലപ്രവൃത്തിയും വിശ്വസ്തതയുള്ളതു. അവൻ നീതിയും ന്യായവും ഇഷ്ടപ്പെടുന്നു; യഹോവയുടെ ദയ കൊണ്ടു ഭൂമി നിറെഞ്ഞിരിക്കുന്നു.’’

ദൈവം നീതിമാനും, അനന്യനും, വിശ്വസ്തനുമാണ്. അവൻ പ്രസ്താവിക്കുന്ന ഓരോ വാക്കും, അത് പൂർണ്ണമായും സത്യവും, വിശ്വസനീയവുമാണ്. വചനം നമ്മോട് ഇപ്രകാരം പറയുന്നുണ്ട്, (സംഖ്യാ പുസ്തകം 23:19) **“വ്യാജം പറവാൻ ദൈവം മനുഷ്യനല്ല”** എന്ന്. ഇന്ന് കള്ളവും ചതിയും നിറഞ്ഞ, നാം ആയിരിക്കുന്ന ഈ ലോകത്തിൽ, നമ്മെ സത്യത്തിൽ നടത്തുന്നത് നമ്മുടെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആണെന്നുള്ള കാര്യം നാം മറന്നു പോകരുത്. ആത്മാവിന്റെ ഇടപെടൽ മൂലം തക്ക സമയത്തു നമുക്ക് വേണ്ടുന്ന ദൈവവചനം ദൈവം വെളിപ്പെടുത്തിത്തരും. അത് നമ്മെ ആശ്വസിപ്പിക്കുകയും വേണ്ടുന്ന ആത്മീക നൽവരങ്ങളെ പകർന്നു നൽകുകയും ചെയ്യുന്നു. ഒരിക്കലും ദൈവം പറയുന്നവ, അത് നിറവേറുന്നവയാണോ എന്നു സംശയിക്കേണ്ടുന്ന ഒരു കാര്യം നമുക്കില്ല, കാരണം, നാം കണ്ടു, അവൻ നീതിയുള്ളവനും, വിശ്വസ്തനും, പറയുന്ന കാര്യങ്ങളിൽ മാറ്റമില്ലാത്തവനുമാണ്.

**എബ്രായർ 13:5** ൽ പറയുന്നു, **“ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല”**

**റോമർ 8:38-39** ൽ പറയുന്നു, **“യാതൊന്നിനും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള സ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല”**

**എഫേസ്യർ 1:14** ൽ പറയുന്നു, **“തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിന്നു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.”**

യോഹന്നാൻ 10:26-30 ൽ പറയുന്നു, **"അവന്റെ ആടുകളായ നാം അവന്റെ ശബ്ദം കേട്ടനുഗമിക്കുന്നവരായ്കയാൽ പിതാവിന്റെ സമ്മതം കൂടാതെ ആർക്കും നമ്മെ പിടിച്ചു പറിക്കാൻ കഴിയുകയില്ല"**

1 യോഹന്നൻ 1:9 ൽ പറയുന്നു, **"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."**

മേൽപറഞ്ഞ വചനഭാഗങ്ങളെ ഒന്നു അയവിറക്കുമ്പോൾ, ഈ ദൈവം നമ്മോട് എത്രമാത്രം വിശ്വസ്തനും, സ്നേഹവാനും, സത്യവാനും ആണെന്നുള്ള കാര്യം നമ്മെ വാസ്തവത്തിൽ സന്തോഷഭരിതരാക്കുന്നുണ്ടോ? ഇല്ലെങ്കിൽ നാം ഇന്നും ഈ ദൈവത്തെ പേരിന്നു ദൈവമായി കൊണ്ടുനടക്കുന്നവരാണെന്നുള്ള സത്യം ഉറപ്പിക്കാം. ഓരോ ദിവസവും സൂര്യൻ ഉദിച്ചുയർന്ന് നാം ഉണർന്നെഴുന്നേൽക്കുമ്പോൾ അത് ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ പ്രതീകമായി നാം കാണണം, അതിന്നു അവനോട് നന്ദിയുള്ളവരായിരിക്കണം. ഈ പ്രപഞ്ചത്തെ അനുദിനം നിയന്ത്രിച്ചു നിർത്താൻ കഴിവുള്ളവനായ ദൈവത്തിന്നു, അവന്റെ സ്വരൂപത്തിൽ സ്വന്ത കൈകളാൽ സൃഷ്ടിച്ച മനുഷ്യനെ കരുതുവാൻ തക്ക ആഗ്രഹം എന്തുമാത്രമായിരിക്കും എന്നത് നമുക്കൊന്ന് ആലോചിക്കാവുന്നതേയുള്ളൂ. ഒരു പക്ഷെ അത് നാം വിചാരിക്കുന്നതിലും അപ്പുറമായിരിക്കും. കാരണം ഈ ദൈവം ആദ്യനും അന്ത്യനുമായ ദൈവമാണ്. അവൻ പറയുന്നതൊക്കെയും പ്രവർത്തിക്കുന്നവനും തന്റെ പ്രവൃത്തിയിൽ വിശ്വസ്തനും നീതിമാനും സത്യസ്വരൂപിയുമാണ്. ഇങ്ങനെ ഒരു ദൈവത്തിന്റെ മക്കൾ എന്നുള്ള സ്ഥാനം ലഭിച്ചവരായ നാം ഓരോരുത്തരും അനുനിമിഷം അവന്നു തക്ക മഹത്വം കൊടുത്ത് ജീവിതത്തെ ക്രമീകരിക്കുക തന്നെ വേണം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

**യെശയ്യാ 40:25-26**

**"ആകയാൽ നിങ്ങൾ എന്നെ ആരോടു സദൃശമാക്കും? ഞാൻ ആരോടു തുല്യനാകും എന്നു പരിശുദ്ധനായവൻ അരുളിച്ചെയ്യുന്നു. നിങ്ങൾ കണ്ണു മേലോട്ടു ഉയർത്തി നോക്കുവിൻ; ഇവയെ സൃഷ്ടിച്ചതാർ? അവൻ അവയുടെ സൈന്യത്തെ സംഖ്യാക്രമത്തിൽ പുറപ്പെടുവിക്കയും അവയെ എല്ലാം പേർ ചൊല്ലി വിളിക്കയും ചെയ്യുന്നു; അവന്റെ**

വീര്യമാഹത്മ്യം നിമിത്തവും അവന്റെ ശക്തിയുടെ ആധിക്യം നിമിത്തവും അവയിൽ ഒന്നു കുറഞ്ഞു കാണുകയില്ല.”

ബ്രദർ ബിനു ബേബി ആലപ്പുഴ 098